നം.എൻ.എം(3)/37807/2015/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി: 04/01/2016

## സർക്കുലർ

**വിഷയം:-** പൊതുവിദ്യാഭ്യാസം - ***ഉച്ചഭക്ഷണപദ്ധതി - സ്കൂൾ പാചക തൊഴിലാളികളുടെ വേതന വർദ്ധനവ് പ്രകാരമുള്ള കുടിശ്ശിക നൽകുന്നത്-*** സംബന്ധിച്ച്.

**സൂചന:-** 1) 11/08/2015 ലെ സ.ഉ.(കൈ) നം.217/2015/പൊ.വി.വ
2) 06.11.2015 തീയതിയിലെ ഉത്തരവ് നം.എൻ.എം3/37807/2015/ഡി.പി.ഐ

സൂചന (1) പ്രകാരം സ്കൂൾ പാചക തൊഴിലാളികളുടെ വേതനം വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം 01.04.20.13 മുതൽ 31.03.2015 വരെയുള്ള കുടിശ്ശിക നൽകുകയും ചെയ്തിട്ടുണ്ട്. 01.04.2015 മുതൽ 31.12.2015 വരെയുള്ള കുടിശ്ശിക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 01.01.2016 മുതൽ പാചക തെഴിലാളികളുടെ വേതനം പുതുക്കിയ നിരക്കിൽ നൽകണമോ എന്ന് നിരവധി സ്കൂൾ പ്രഥമാദ്ധ്യാപകരിൽ നിന്നും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരിൽ നിന്നും സംശയം ഉയർന്നിരിക്കുന്നു. സ്കൂൾ ഉച്ചഭക്ഷണത്തിനുള്ള കണ്ടിജന്റ് ചാർജ്ജ് സർക്കാർ വർദ്ധിപ്പിക്കാത്ത സാഹചര്യത്തിൽ ആയത് ഉയർത്തുന്നതുവരെ മേൽ പുതുക്കിയ വേതനം കുടിശ്ശിക ആയി നൽകുന്നതാണെന്നും ആയത് വരെ പഴയ നിരക്കിൽ തന്നെ പാചക തൊഴിലാളികളുടെ വേതനം നൽകിയാൽ മതിയെന്ന് എല്ലാ സ്കൂൾ പ്രഥമ അദ്ധ്യാപകരേയും അറിയിക്കുവാൻ എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകുന്നു.

**വിലാസിനി കേദാരമംഗലത്ത്**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (നൂൺമീൽ)**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

എല്ലാ ഉപജില്ലാ വിദ്യാഭ്യസ ഓഫീസർമാർക്കും